# STORY TELLING WORKSHOP




വിദ്യാർത്ഥികൾക്കിടയിൽ വായനയുടെ പ്രാധാന്യം മനസിലാക്കിക്കൊണ്ട് ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് ബുക്ക് ക്ലബ്ബും ചിറ്റൂർ - തത്തമംഗലം മുനിസിപ്പാലിറ്റിയും പാഞ്ചജന്യം പബ്ലിക് ലൈബ്രറിയും സംയുക്തമായി സ്റ്റോറി ടെല്ലിങ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 14 ന് ചിറ്റൂർ മുനിസിപ്പാലിറ്റിയിൽ വെച്ചുനടക്കുന്ന പരിപാടിയിൽ ചിറ്റൂർ മേഖലയിലെ വിവിധ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. വിദ്യാർത്ഥികളെ വായനയിലേക്ക് നയിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.


MUNICIPAL COUNCIL
CHITTUR-TATTAMANGALAM
NAME OF CHAIRMEN











ചിറ്റൂർ: ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം ബുക്ക് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്റ്റോറി ടെല്ലിങ് വർക്ഷോപ്പ് സംഘടിപ്പിച്ചു. ചിറ്റൂർ - തത്തമംഗലം മുനിസിപ്പാലിറ്റിയും പാഞ്ചജന്യം പബ്ലിക് ലൈബ്രറിയോടുകൂടി സംയുക്തമായാണ് പരിപാടി നടത്തിയത്. മുനിസിപ്പാലിറ്റിയിൽ വെച്ചുനടന്ന പരിപാടി മുനിസിപാലിറ്റി ചെയർപേഴ്സൺ കെ. എൽ. കവിത ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ചിറ്റൂർ കോളേജിലെ

വിദ്യാർഥികളായ ഫസൽ, സഹല, അഭിമന്യു, ഫാത്തിമ സിബ അധ്യാപികയായ ഡോ. ഷീന എൻ. ജി എന്നിവർ ചേർന്ന് വിവിധ സേഷനുകളായാണ് വർക്ഷോപ്പ് നടത്തിയത്. രാവിലെ 10 മണി മുതൽ വൈകീട്ട് 4 മണി വരെ നീണ്ട പരിപാടിയിൽ ചിറ്റൂർ മേഖലയിൽ നിന്നുള്ള വിവിധ സ്കൂളുകളിൽ നിന്നും 50 ഓളം വിദ്യാർത്ഥികളും കൂടാതെ അധ്യാപകരും പങ്കെടുത്തു. മുനിസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ എം. ശിവകുമാർ, ബുക്ക് ക്ലബ് കൺവീനർ ശ്രീകല.കെ, അധ്യാപകരായ ഡിമ്പിൾ സക്കറിയ, ആരതി അശോക്, സ്റ്റുഡന്റ് കൺവീനർമാരായ വിദ്യ ബി, അഹല്യ ഡി, നന്ദിത യു, സിദ്ധാർഥ്.എസ് , നിഖില  അഭിജിത്ത് എസ്, അഷിത ബേബി എന്നിവർ പങ്കെടുത്തു.

## Malayalamanorama



ചിറ്റൂർ ഗവ. കോളജിലെ ഇംഗ്ലിഷ് വിഭാഗം ബുക്ക് ക്ലബ്ബിന്റെ നേതൃത്വത്തിൽ നഗരസഭയിൽ സംഘടിപ്പിച്ച സ്റ്റോറി ടെല്ലിങ് വർക്ക്ഷോപ്പിൽ നിന്ന്.



### സ്റ്റോറി ടെല്ലിങ് ശിൽപശാല

ചിറ്റൂർ ● ഗവ. കോളജിലെ ഇംഗ്ലിഷ് വിഭാഗം ബുക്ക് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്റ്റോറി ടെല്ലിങ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ചിറ്റൂർ -തത്തമംഗലം നഗരസഭയും പാഞ്ചജന്യം പബ്ലിക് ലൈബ്രറിയും സംയുക്തമായാണ് പരിപാടി നടത്തിയത്. നഗരസഭാധ്യക്ഷ കെ.എൽ.കവിത ഉദ്ഘാടനം ചെയ്തു.നഗരസഭ ഉപാധ്യക്ഷൻ എം.ശിവകുമാർ, ബുക്ക് ക്ലബ് കൺവീനർ കെ.ശ്രീകല, ഡിമ്പിൾ സക്കറിയ, ആരതി അശോക്, ബി .വിദ്യ, ഡി.അഹല്യ, യു.നന്ദിത, എസ്. സിദ്ധാർഥ്, നിഖില, എസ്. അഭിജിത്ത്, അഷിത ബേബി എന്നിവർ പ്രസംഗിച്ചു. തുടർന്ന് ചിറ്റൂർ കോളജിലെ വിദ്യാർഥികളായ ഫസൽ, സഹല, അഭിമന്യു, ഫാത്തിമ സിബ അധ്യാപികയായ ഡോ. എൻ.ജി.ഷീന എന്നിവർ ചേർന്ന് വിവിധ സെഷനുകളായാണ് വർക്ക്ഷോപ്പ് നടത്തിയത്.

## Desabhimani



## സ്റ്റോറി ടെല്ലിങ് വർക്ക്ഷോപ്പ്

ചിറ്റൂർ

ചിറ്റൂർ ഗവ. കോളേജിലെ ഇംഗ്ലീഷ് വിഭാഗം ബുക്ക് ക്ലബ്ബിന്റെ നേതൃത്വത്തിൽ ശനിയാഴ്ച സ്റ്റോറി ടെല്ലിങ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ചിറ്റൂർ –തത്തമംഗലം മുനിസിപ്പാലിറ്റി, പാഞ്ചജന്യം ലൈബ്രറി എന്നിവയുടെ സഹകരണത്തോടെയായിരുന്നു പരിപാടി. നഗരസഭാ ചെയർപേഴ്സൺ കെ എൽ കവിത ഉദ്ഘാടനം ചെയ്തു.

ഫസൽ, സഹല, അഭിമന്യു, ഫാത്തിമ സിബ, അധ്യാപിക ഡോ. എൻ ജി ഷീന എന്നിവർ നേതൃത്വം നൽകി. രാവിലെ 10 മുതൽ വൈകിട്ട് നാലുവരെ നീണ്ട പരിപാടിയിൽ വിവിധ സ്കൂളുകളിൽനിന്നായി 50 വിദ്യാർഥികളും അധ്യാപകരും പങ്കെടുത്തു. നഗരസഭ വൈസ് ചെയർമാൻ എം ശിവകുമാർ, ബുക്ക് ക്ലബ് കൺവീനർ കെ ശ്രീകല, അധ്യാപകരായ ഡിമ്പിൾ സക്കറിയ, ആരതി അശോക്, സ്റ്റുഡന്റ് കൺവീനർമാരായ ബി വിദ്യ, ഡി അഹല്യ, യു നന്ദിത, എസ് സിദ്ധാർഥ്, എസ് നിഖില, അഭിജിത്ത്, അഷിത ബേബി എന്നിവർ സംസാരിച്ചു.



ചിറ്റൂർ ഗവ. കോളേജിലെ ഇംഗ്ലീഷ് വിഭാഗം ബുക്ക് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്റ്റോറി ടെല്ലിങ് വർക്ക്ഷോപ്പ്